LIBRARY ARCHIVES Kerala Legislative Assembly

(36) പെരിന്തൽമണ്ണ താലൂക്കാശുപത്രിയിലെ സ്റ്റാഫിന്റെ അപര്യാപ്തത

ശ്രീ. നാലകത്ത് സൂപ്പി: സർ, പെരിന്തൽമണ്ണ ഗവണ്മെന്റ് ആശുപത്രിയിൽ നിരന്തരമായി ചികിത്സാവിഭാഗത്തിൽ ആളില്ല. അനസ്തേഷ്യാവിഭാഗത്തിൽ ഒരുപാട് വർഷമായി ആളില്ല. അതുപോലെ കണ്ണ് ചികിത്സാവിഭാഗത്തിലും ആളില്ല. ഒരു പ്രത്യേക ചികിൽസാവിഭാഗത്തിലും ആളില്ലാത്ത സ്ഥിതി പരിഗണിച്ച് രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ, ഡോക്ടർമാരുടെ ഷോർട്ടേജ് സംബന്ധിച്ച് പലതവണ നിയമസഭയിൽ ചർച്ച ചെയ്തതാണ്. ഡോക്ടർമാരെ കിട്ടാനില്ല. 1265 പേർക്ക് അസിസ്റ്റന്റ് സർജൻമാരായി നിയമനം കൊടുത്തതിൽ 518 പേരാണ് വന്ന് ജോയിൻ ചെയ്തത്. ചില സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ അഭാവവും വളരെ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അനസ്തെറ്റിസ്റ്റിനെയൊന്നും തീരെ കിട്ടാനില്ല. ഇക്കാര്യം പരമാവധി പരിഹരിക്കാൻ ശ്രമിക്കാം.

(37) അരുവിക്കരയിലെ ടൂറിസം വികസനം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ആഭ്യന്തര ടൂറിസ്റ്റ്കേന്ദ്രമാണ് അരുവിക്കര. അരുവിക്കരയെ സർക്കാർ നിരന്തരമായി അവഹേളിക്കുകയാണ്. അരുവിക്കരയിൽ ടൂറിസം വികസനത്തിനുവേണ്ടി സമർപ്പിച്ച പദ്ധതികളൊക്കെ സർക്കാർ നിരാകരിക്കുകയാണ് ഇപ്പോൾ. വീണ്ടും ഒരു പദ്ധതി ടൂറിസം വികസനത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):* സർ, തിരുവനന്തപുരത്തുനിന്നും 16 കിലോമീറ്റർ അകലെ കരമനയാറിന്റെ തീരത്തായി സ്ഥിതിചെയ്യുന്ന അരുവിക്കര ഒരു തീർത്ഥാടന കേന്ദ്രം എന്നതിലുപരി സഞ്ചാരികൾക്ക് താൽപ്പര്യമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രവുമാണ്. നദീതീരത്തായി സ്ഥിതിചെയ്യുന്ന പാറയിൽ നിർമ്മിതമായ പുരാതനമായ ഭഗവതി ക്ഷേത്രം അവിടത്തെ മറ്റൊരു ആകർഷണമാണ്. അരുവിക്കരയുടെ സമഗ്രമായ വികസനം അത്യന്താപേക്ഷിതമാണെന്ന് ടൂറിസം വകുപ്പ് മനസ്സിലാക്കുന്നു. അവിടെ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ മുമ്പ് നിർമ്മിച്ച പൂന്തോട്ടം ഇപ്പോൾ ശോചനീയാവസ്ഥയിലാണ്. അരുവിക്കരയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനും സഞ്ചാരികൾക്ക് ആകർഷകമാക്കി മാറ്റാനും ടൂറിസം വകുപ്പ് ഇതിനകംതന്നെ ചില പദ്ധതികൾക്ക് രൂപം നൽകിക്കഴിഞ്ഞു. പൂന്തോട്ടത്തിന്റെ വികസനത്തിനായി 20,27,000 രൂപയുടെ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. പ്രസ്തുത പദ്ധതിയിൽ പൂന്തോട്ടത്തിലേക്ക് പ്രവേശനകവാടം, കുട്ടികൾക്കുള്ള

Page 1

കളിക്കോപ്പുകൾ സ്ഥാപിക്കൽ, പ്രതിമകൾ, കൂടാതെ പാർക്കിന്റെ അറ്റകുറ്റപ്പണികൾ മുതലായവ ഉദ്ദേശിക്കുന്നു. നിലവിലുള്ള കഫറ്റേറിയയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നിർവ്വഹിക്കുന്നതാണ്.

(38) എം. എൽ. എ. മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ കൂടി ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് എം. എൽ. എ. മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നു പറഞ്ഞുകൊണ്ട് ഈ വർഷം 47 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കാസർകോഡ്, കണ്ണൂർ എന്നീ രണ്ട് ജില്ലകൾക്ക് ഒരു നയാപൈസ പോലും അനുവദിച്ചിട്ടില്ല. 15 എം.എൽ.എ.മാർ പ്രതിനിധീകരിക്കുന്ന സ്ഥലമാണ്. അതിൽ 10 പേർ ഇടതുപക്ഷമുന്നണിയിലെ എം. എൽ. എ. മാരാണ്. കടുത്ത വിവേചനമാണ് ഈ രണ്ടുജില്ലകളോടും കാണിച്ചത്. ഇത് ബോധപൂർവ്വമാണെന്ന് ഞാൻ സംശയിക്കുന്നു. രണ്ടുജില്ലകളിലേയും എം. എൽ. എ. ഫണ്ടിന്റെ പ്രവർത്തനത്തിൽ ഇനിയും വളരെ കാലതാമസം വരും. ഇത് എങ്ങനെയാണ് സംഭവിച്ചത്; ആ ജില്ലയിലെ കളക്ടർമാർ റിപ്പോർട്ട് ചെയ്യാത്തതാണെങ്കിൽ ബന്ധപ്പെട്ട കളക്ടർമാരോട് വിശദീകരണം ചോദിക്കണം. എം. എൽ. എ. ഫണ്ടിന്റെ കാര്യത്തിൽ ഇത്തരം അനാസ്ഥ ഉണ്ടാകാൻ പാടില്ല. ധനകാര്യവകുപ്പുമന്ത്രി പേഴ്സണൽ ആയിട്ട് ഈകാര്യത്തിൽ ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, 15 മിനിറ്റു മുമ്പാണ് എനിക്ക് ഇതുസംബന്ധിച്ച വിവരം ലഭിച്ചത്. അല്ലെങ്കിൽ ഞാൻ ഇക്കാര്യം സംബന്ധിച്ച് ഇതിനകംതന്നെ അന്വേഷിച്ച് പറയുമായിരുന്നു. സാധാരണ കളക്ടേഴ്സിന്റെ റിപ്പോർട്ട് വന്നതിനുശേഷമാണ് തുക അനുവദിക്കുന്നത്. അതുകൊണ്ട് റിപ്പോർട്ട് വരാത്തതുകൊണ്ടായിരിക്കും ഇത് ഉൾപ്പെടുത്താത്തത് എന്ന് ഞാൻ കരുതുന്നു. എതായാലും ഇന്നുതന്നെ ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. അല്ലെങ്കിൽ റിപ്പോർട്ട് തരാൻ ബന്ധപ്പെട്ട കളക്ടർമാരോട് അടിയന്തിരമായി ആവശ്യപ്പെടുന്നതാണ്. ഈ മാതിരി കാര്യത്തിൽ ഒരു ഡിസ്ക്രിമിനേഷനും ഇല്ല. ഇത് എല്ലാവർക്കുംകൂടിയല്ലേ തന്നിരിക്കുന്നത്. അടിയന്തിരമായും അത് നൽകും. പക്ഷേ ഫോർമാലിറ്റീസ് പൂർത്തിയാക്കണം. എം. എൽ. എ.മാർ എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ അവർ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ അത് കൃത്യവിലോപമാണ്. അത് തീർച്ചയായിട്ടും അവരോട് ആവശ്യപ്പെടാം.

LIBRARY ARCHIVES Kerala Legislative Assembly